# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം

നമ്പർ : **2841.**

12..10..2011-ൽ മറുപടിക്ക്

## കാലിത്തീറ്റ വില വർദ്ധനവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി. | ശ്രീ. കെ.സി. ജോസഫ്,<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) മിൽമാ പാലിന്റെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നാണ്; | (എ) മിൽമ പാലിന്റെ വില അവസാനമായി വർദ്ധിപ്പിച്ചത് 5..9..2011-ലാണ്. |
| (ബി) പ്രസ്തുത വിലവർദ്ധനവിന് മുമ്പ് സബ്സിഡി സഹിതം ഒരു ലിറ്റർ പാൽ മിൽമയ്ക്ക് നൽകുന്ന ക്ഷീര കർഷകർക്ക് ലഭിക്കുന്ന സാമ്പത്തികാനുകൂല്യം എത്രയാണ്; | (ബി) 5..9..2011-നു മുമ്പ് ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും 8.3% മറ്റ് ഖര പദാർത്ഥങ്ങളും) പാലിന് ക്ഷീരകർഷകർക്ക് ലഭിച്ചിരുന്ന വില ലിറ്ററിന് 18 രൂപ 48 പൈസയായിരുന്നു. ഇതിനു പുറമെ, മലബാർ മേഖലാ യൂണിയൻ 31..8..2011 വരെ ലിറ്ററിന് 1 രൂപ പ്രകാരം പ്രോത്സാഹനവില നൽകിയിരുന്നു. |
| (സി) പ്രസ്തുത വില വർദ്ധനവിന് ശേഷം ഒരു ലിറ്റർ പാൽ മിൽമയ്ക്ക് നൽകുമ്പോൾ ക്ഷീര കർഷകന് ലഭിക്കുന്ന സാമ്പത്തികാനുകൂല്യം എത്രയാണ്; | (സി) 5..9..2011 മുതൽ ശരാശരി ഗുണനിലവാരമുള്ള (4.1% കൊഴുപ്പും 8.3% മറ്റ് ഖര പദാർത്ഥങ്ങളും) പാലിന് കർഷകർക്ക് ലഭ്യമാകുന്നത് ലിറ്ററിന് 22 രൂപ 68 പൈസയാണ്. അതായത് ലിറ്ററിന് 4 രൂപ 20 പൈസയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇതിനു പുറമേ തിരുവനന്തപുരം മേഖലാ യൂണിയൻ 1..10..2011 മുതൽ ലിറ്ററിന് 1.00 രൂപ അധിക വില ഇൻസെന്റീവ് ആയി നൽകുന്നുണ്ട്. |
| (ഡി) മിൽമാ കാലിത്തീറ്റയ്ക്ക് നൽകികൊണ്ടിരുന്ന സബ്സിഡി കുറച്ചിട്ടുണ്ടോ; ഇതുമൂലം ഒരു കിലോഗ്രാം കാലിത്തീറ്റയ്ക്ക് എത്ര രൂപയാണ് വില വർദ്ധിച്ചിട്ടുളളത് എന്ന് വ്യക്തമാക്കാമോ? | (ഡി) മിൽമയുടെ തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾ നൽകിയിരുന്ന സബ്സിഡി നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ കാലിത്തീറ്റ വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡി പിൻവലിച്ചതുമൂലം ഒരു കിലോ കാലിത്തീറ്റയ്ക്ക് 2 രൂപയുടെ ആനുകൂല്യം ഇല്ലാതായി. എന്നാൽ 1..10..2011 മുതൽ മലബാർ മേഖലാ യൂണിയൻ 50 കിലോ ചാക്കിന് 60 രൂപ (കിലോയ്ക്ക് 1.20 നിരക്കിൽ) സബ്സിഡി നൽകുവാൻ തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.